**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1441

06.02.2020-ൽ മറുപടിക്ക്

**വൈപ്പിനിലെ ഫിഷ് ലാൻഡിംഗ് സെന്റർ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | വൈപ്പിനിലെ കാളമുക്ക് ഫിഷ് ലാൻഡിംഗ് സെന്ററിന് ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്ക് കാലതാമസം വരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിനുള്ള ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് അനുമതി നൽകികൊണ്ട് 251.04 ലക്ഷം രൂപയുടെ അനുമതി റവന്യൂവകുപ്പ് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ നടപടികൾക്കായി ആകെ വേണ്ടി വരുന്ന 251.04 ലക്ഷം രൂപയുടെ 5% ആയ 12,55,220/- രൂപ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജി.സി.ഡി.എ എറണാകുളത്തിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് എത്ര തുകയാണ് ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് 12.552 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 251.04 ലക്ഷം രൂപയുൾപ്പെടെ 473 ലക്ഷം രൂപയാണ് ആവശ്യമായി വരുന്നത്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിലും 2019-20 വർഷത്തിലും ശീർഷകത്തിൽ തുക അനുവദിച്ചിരുന്നില്ല. തുടർന്ന് അധിക ധനാഭ്യർത്ഥന മുഖേന ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിച്ചു. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**